**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4541 — 17.12.2014 ൽ മറുപടിയ്ക്ക്

**ബോയൻ സമുദായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ്<br>ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ | | **ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ബോയൻ സമുദായം 2001 വർഷം വരെ ഏതു ജാതിപ്പട്ടികയിലാണ് ഉൾപ്പെട്ടിരുന്നത് ; വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് ബോയൻ സമുദായം 2001 വരെ പട്ടിക ജാതി ലിസ്റ്റിലും (Excluding the areas comprising the Malabar District as specified by Sub-section (2) of section 5 of the States Re Organization Act, 1956 (37 of 1956) ഒ.ബി.സി. ലിസ്റ്റിലും (Boyan in Malabar District) ഉൾപ്പെട്ടിരുന്നു. |
| (ബി) | കോട്ടയം ജില്ലയിൽ ബോയൻ എന്ന് അറിയപ്പെടുന്ന സമുദായം ഇതര ജില്ലകളിൽ ഏത് ജാതിപ്പേരിലാണ് അറിയപ്പെടുന്നതെന്നു വെളിപ്പെടുത്തുമോ ; | (ബി) | കോട്ടയം ജില്ലയിലും മറ്റും തെറ്റായി ബോയൻ എന്നറിയപ്പെട്ടിരുന്നവർ ഇതര ജില്ലകളിൽ ഒഡ്ഡൻ, ഒഡ്ഡനായ്ക്കൻ, നായ്ക്കൻ, മണ്ണൊഡ്ഡൻ തുടങ്ങിയ ജാതിപ്പേരുകളിലാണ് അറിയപ്പെടുന്നത്. |
| (സി) | ബോയൻ സമുദായത്തെ നിലവിലുണ്ടായിരുന്ന ജാതിപ്പട്ടികയിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ? | (സി) | ഉണ്ട്. 'ബോയൻ' സമുദായത്തിന് അയിത്താചരണത്തിന്റെ പരിണിത ഫലമായുള്ള സാമൂഹ്യ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയില്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് 2002 വരെ പട്ടിക ജാതി ലിസ്റ്റിൽ ഉണ്ടായിരുന്ന ബോയൻ സമുദായത്തെ പ്രസ്തുത ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത്. |

**സെക്ഷൻ ഓഫീസർ**